ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**നിന്നും
നമ്മുടെ അധികാരത്തിൻ കീഴിലുള്ള
മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പിനും
മെത്രാപ്പോലിത്താമാർക്കും മേല്പട്ടക്കാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 7/2008

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

**പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ലയോണാർഡോ സാൻഡ്രി തിരുമേനിയുടെ സന്ദർശനം**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

''ദൈവവചനം സഭാജീവിതത്തിലും ദൗത്യത്തിലും'' എന്ന വിഷയത്തിൽ റോമിൽ നടന്നുവരുന്ന സുന്നഹദോസിൽനിന്നും സാർവത്രികസഭയുടെ പരമാദ്ധ്യക്ഷൻ ബനഡിക്ട് പതിനാറാമൻ മാർപാപ്പായോടും പൗരസ്ത്യ കത്തോലിക്കാ സഭാദ്ധ്യക്ഷന്മാരോടും കർദ്ദിനാൾ സംഘത്തോടും മെത്രാന്മാരോടും ചേർന്ന് ഞാൻ നിങ്ങൾക്കേവർക്കും അനുഗ്രഹങ്ങളും ആശംസകളും നേരുന്നു. ദൈവവചനാധിഷ്ഠിതമായ സഭയുടെ ജീവിതത്തിൽ കൂടുതൽ ഉൾക്കാഴ്ചയും വിശുദ്ധീകരണവും ലഭിക്കുവാൻ ഈ സുന്നഹദോസ്

പ്രാർത്ഥനാപൂർവ്വം വിചിന്തനം നടത്തിവരികയാണ്. ദൈവവചനത്തിന് തങ്ങളെത്തന്നെ സമർപ്പിച്ച് വിശ്വാസസാക്ഷികളായി ജീവിച്ച നാല് വാഴ്ത്തപ്പെട്ടവരെ ഒക്ടോബർ 12-ാം തീയതി പരിശുദ്ധ പിതാവ് വിശുദ്ധരെന്ന് പ്രഖ്യാപിച്ചത് സഭാസമൂഹത്തിന് ഏറെ അനുഗ്രഹം നൽകിയിരിക്കുന്നു. അവരിൽ ഒരാളായി ഭാരതസഭാമകളും മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അഭിമാനവുമായ ഭരണങ്ങാനത്തെ സി. അൽഫോൻസാ മുട്ടത്തുപാടത്ത് F.C.C. വിശുദ്ധയെന്നു പ്രഖ്യാപിക്കപ്പെട്ടത് നമുക്കേറ്റം ധന്യത പകരുന്നു. ഭാരതത്തിൽനിന്ന് വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുന്ന ആദ്യത്തെ വ്യക്തി എന്ന നിലയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ നാമകരണം സീറോ മലബാർ സഭയ്ക്കും കേരളസമൂഹത്തിനും ഭാരതസഭയ്ക്കും വലിയ അനുഗ്രഹമായിരിക്കുന്നു. തദവസരത്തിൽ പരിശുദ്ധ പിതാവിനോടുചേർന്ന് വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷകളിൽ സംബന്ധിച്ചതിനുശേഷമാണ് ഈ ഇടയലേഖനം നിങ്ങൾക്കെഴുതുന്നത്. ലോകമെമ്പാടുമുള്ള ഇന്ത്യാക്കാരുടെ പ്രതിനിധി കളായി അനേകായിരങ്ങൾ ഈ വിശുദ്ധ കർമ്മത്തിൽ പങ്കുചേർന്ന് അനുഗ്രഹീതരായത് പീഡനങ്ങളാൽ നൊമ്പരപ്പെടുന്ന ഭാരതസഭയ്ക്ക് ഒരാശ്വാസവും അനുഗ്രഹവുമാണ്.

വി. അൽഫോൻസാമ്മയുടെ വിശുദ്ധപദപ്രഖ്യാപനത്തിന്റെ ഇന്ത്യയിലെ ആഘോഷത്തിന്, മാർപാപ്പായുടെ പ്രതിനിധിയായി റോമിലെ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ലയോണാർഡോ സാൻഡ്രി തിരുമേനി കേരളത്തിൽ ഭരണങ്ങാനത്ത് എത്തുന്നു. ഈ ആഘോഷങ്ങൾക്കുശേഷം വന്ദ്യപിതാവ് മലങ്കര കത്തോലിക്കാസഭയിൽ ഒദ്യോഗിക സന്ദർശനം നടത്തുന്നതാണെന്ന വിവരം ഞാൻ ഇതിനാൽ ഏവരേയും അറിയിക്കുന്നു. നവംബർ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് അദ്ദേഹത്തിന് സഭയുടെ ഔദ്യോഗിക സ്വീകരണം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നൽകുന്നതാണ്. തുടർന്ന് നമ്മുടെ സഭാപിതാക്കന്മാർ വൈദികരോടും വിശ്വാസികളേവരോടുംചേർന്ന് അർപ്പിക്കുന്ന വി. കുർബാനമദ്ധ്യേ തിരുമേനി മലങ്കരസഭയ്ക്ക് ഔദ്യോഗിക സന്ദേശം നൽകും. 11 മണിക്ക് നടക്കുന്ന പൊതുസമ്മേളനത്തിൽ റോമിലെ പരിശുദ്ധ അപ്പസ്തോലിക സിംഹാസനത്തിന്റെ പ്രതിനിധി എന്ന നിലയിൽ അദ്ദേഹത്തിന് മലങ്കര കത്തോലിക്കാ സഭയുടെ ആദരവുകൾ അർപ്പിക്കും.

ആഗോള സഭയിലുള്ള മലങ്കര കത്തോലിക്കാസഭയുടെ സ്വതന്ത്ര വ്യക്തിത്വവും വിശ്വാസപരവും കൗദാശികവുമായ സംസർഗവും ശക്തിപ്പെടുത്തുവാൻ സഹായിക്കുന്ന ഒരു സന്ദർശനമാണ് ഇത് എന്ന്

എടുത്തുപറയേണ്ടതില്ലല്ലോ. മലങ്കര കത്തോലിക്കാസഭ പാത്രിയർക്കൽ അധികാരമുള്ള ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായും അതിന്റെ തലവനും പിതാവുമായി മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവ അവരോധിതനായതിനുംശേഷമുള്ള ആദ്യത്തെ ഔദ്യോഗിക സന്ദർശനം എന്ന നിലയിൽ നമ്മുടെ സഭയ്ക്ക് ഇതൊരു അനുഗ്രഹീത സന്ദർഭമാണ്. ഇതോടനുബന്ധിച്ചുള്ള എല്ലാ പരിപാടികളിലും നിങ്ങളേവരും ഭാഗഭാക്കുകളായി ഈ സന്ദർശനം അനുഗ്രഹകരമാക്കുവാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

അത്യുന്നത കർദ്ദിനാൾ തിരുമേനിയുടെ ഈ സന്ദർശനം സഭയുടെ ആസ്ഥാനമായ തിരുവനന്തപുരത്താണ് നടത്തുക. നമ്മുടെ എല്ലാ ഭദ്രാസനങ്ങളും ഇവയിൽ പങ്കാളികളാകുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സമയചുരുക്കംകൊണ്ട് കർദ്ദിനാൾ തിരുമേനിക്ക് എല്ലാ ഭദ്രാസനങ്ങളും സന്ദർശിക്കുന്നതിന് സാധിക്കുന്നതല്ല. സഭയുടെ പൊതു ആഘോഷങ്ങൾക്കുവേണ്ടിയുള്ള പരിശുദ്ധ സുന്നഹദോസ് കമ്മീഷന്റെ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലിത്തായുടെ നേതൃത്വത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചേലൂസ് വന്ദ്യ മോൺ. ജയിംസ് പാറവിള അച്ചൻ ജനറൽ കൺവീനറായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് സ്വീകരണ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച റോമിലെ വി. പത്രോസിന്റെ ബസിലിക്കായിൽ പ്രധാന ത്രോണോസിൽ മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്തായോടും റോമിലുള്ള നമ്മുടെ ബ. വൈദികരോടുംചേർന്ന് നിങ്ങൾക്കേവർക്കുംവേണ്ടി വി. കുർബാന അർപ്പിച്ചു എന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. റോമിൽ പഠിക്കുന്ന നമ്മുടെ വൈദിക വിദ്യാർത്ഥികളും ബ. സിസ്റ്റേഴ്സും അമേരിക്കയിൽനിന്നും യൂറോപ്പിൽനിന്നും കേരളത്തിൽനിന്നും എത്തിയ നമ്മുടെ സഭാമക്കളും വി. കുർബാനയിൽ സംബന്ധിച്ചിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ സാരഥികളും ഭാഗ്യസ്മരണാർഹരുമായ നമ്മുടെ പിതാക്കന്മാരെയും പരേതരായ ബ. വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും പ്രത്യേകം ഓർത്ത് തദവസരത്തിൽ പ്രാർത്ഥിച്ചു.

വർത്തമാനകാലത്തിലെ ഈ സംഭവങ്ങളെല്ലാം നമ്മുടെ സഭാ ജീവിതത്തിന് കൂടുതൽ ദൈവീകസാന്നിദ്ധ്യവും ശക്തിയും പ്രദാനം

ചെയ്യട്ടെ. വിശുദ്ധ അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥം നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും കൂട്ടായ്മകൾക്കും കൂടുതൽ ശക്തി പകരട്ടെ. നല്ലവനായ ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ആയത് ദൈവമാതാവായ പരി. കന്യകമറിയാമിന്റെയും, അപ്പസ്തോലസമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

വത്തിക്കാൻ സിറ്റി
13.10.2008

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.